# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

<u>ചോദ്യം നം.85</u>                <u>10.06.2013 ൽ മറുപടിക്ക്</u>

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്</u>

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരന്ത പരിഹാരവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനു വേണ്ടി പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | എൻഡോസൾഫാൻ ദുരന്ത പരിഹാരവുമായി ബന്ധപ്പെട്ട് നബാർഡ് - RIDF പാക്കേജ് പ്രകാരം വികസനത്തിനുള്ള സമഗ്രപാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആ പാക്കേജിൽ എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പാക്കേജിൽ ആരോഗ്യം, മൃഗസംരക്ഷണം, വിദ്യാഭ്യാസം , സാമൂഹികക്ഷേമം എന്നീ വകുപ്പുകളിലായി 181 പദ്ധതികളും കേരള വാട്ടർ അതോറിറ്റിയുടെ 55 പദ്ധതികളും നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യം, മൃഗസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം എന്നീ വകുപ്പുകളുടെ പദ്ധതി നിർവഹണം എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി ക്കാണ്. ആരോഗ്യ മേഖലയിലെ അലോപ്പതി വിഭാഗത്തിൽ 33 പദ്ധതികളും ആയുർവേദ വിഭാഗത്തിൽ 7 പദ്ധതികളും ഹോമിയോ വിഭാഗത്തിൽ 4 പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നു. മൃഗസംരക്ഷണത്തിന് 5 പദ്ധതികളും വിദ്യാഭ്യാസത്തിൽ 66 പദ്ധതികളും സാമൂഹിക |

| | | | |
|---|---|---|---|
| | | | ക്ഷേമത്തിൽ 66 പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണവുമായി ബന്ധപ്പെട്ട 55 പദ്ധതികളാണ് ഉള്ളത്. പദ്ധതികളുടെ വിശദവിവരവും എസ്റ്റിമേറ്റ് തുകയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പാക്കേജിനായി കേന്ദ്ര സർക്കാരിന്റെ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലുള്ള സഹായമാണ് വാഗ്ദാനം ചെയ്തിട്ടുള്ളതെന്നും അത് എങ്ങനെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (സി) | നബാർഡ് സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നബാർഡ് -RIDF- ൽ ഉൾപ്പെടുത്തിയാണ് സഹായം ലഭ്യമാക്കുന്നത്. |
| (ഡി) | സംസ്ഥാനം ഈ പാക്കേജിൽ വഹിക്കുന്ന പങ്കാളിത്തം സംബന്ധിച്ച വിശദ വിവരം നൽകാമോ; | (ഡി) | 15% വിഹിതം സംസ്ഥാനവും 85% നബാർഡും പദ്ധതികളിൽ മുടക്കുന്നു. |
| (ഇ) | ഇതിനായി 2013-14 വർഷത്തേക്ക് നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്ന തുക ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ? | (ഇ) | മുൻപ് അനുവദിച്ചിരുന്ന തുക തന്നെയാണ് നിലവിൽ ചെലവഴിക്കുന്നത്. 2013-2014 ൽ പ്രത്യേക തുക നീക്കിവച്ചിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ